# ചരിത്രം

നമ്മുടെ ഇമാമുകൾ

കെ. കെ. കുഞ്ഞാലി മുസ്ല്യാർ ചേലക്കാട്

# മുളഫ്ഫറുദ്ദീൻ

ഇറാഖിന്റെ കിഴക്ക് പ്രവിശ്യയായ ഇർബിലിന്റെ ഭരണാധിപനാണ് മുളഫ്ഫറുദ്ദീൻ എന്നയാൾ. അബൂസഈദ് എന്ന് ഉപനാമം. കൂകുബൂരി എന്നാണ് സ്വനാമം. ചാരനിറമുള്ള ചെന്നായ എന്ന് അർത്ഥംവരുന്ന തുർക്കി ഭാഷയാണത്. 'അൽമലികുൽ മുഅള്ളം സ്വാഹിബു ഇർബിൽ' എന്ന് ചരിത്രപണ്ഡിതർ പരിചയപ്പെടുത്തിയ ആൾ. പിതാവ് സൈനുദ്ദീൻ മരണപ്പെട്ട ശേഷം അധികാരം അദ്ദേഹത്തിന്നാണു ലഭിച്ചത്. വയസ്സ് പതിനാലേ ഉള്ളൂ. ചില പക്ഷപാതികൾ ഇതാക്ഷേപമായി ഉന്നയിച്ചുകൊണ്ട് അയാളുടെ സഹോദരൻ യൂസുഫ് എന്നയാളെ അവരോധിച്ചു. മുളഫ്ഫർ പലനാടുകളുടെയും സുൽത്വാനായ സ്വലാഹുദ്ദീൻ എന്നയാളുടെ സവിധത്തിലെത്തി. അയാൾക്കു വേണ്ടുന്ന ഖിദ്മത്തു ചെയ്തു. അതിന്നിടെ യൂസുഫ് മരണപ്പെട്ടു. സുൽത്വാൻ ഇർബിലും ശഹ്റസൂറും മുളഫ്ഫറിനു നല്കി. ഹി: 586 ലാണത്. ഭരണം മരണം വരെ തുടർന്നു. അദ്ദേഹത്തിന്റെ സഹോദരി റബീഅത്തിനെ മുളഫ്ഫറിനു വിവാഹം കഴിച്ചുകൊടുക്കുകയും ചെയ്തു.

ഇദ്ദേഹത്തെ ഇവിടെ സ്മരിക്കുന്നത് സുന്നത്ത് ജമാഅത്തിന്റെ ഉലമാഅ് മുഴുക്കെ അംഗീകരിക്കുകയും ദീനിൽ നല്ല ആചാരമായി സലക്ഷ്യം അവർ സമർത്ഥിക്കുകയും ചെയ്ത പ്രവാചക തിരുമേനി(സ)യുടെ മൗലിദ് ചില പ്രത്യേക രൂപത്തിൽ നടത്തപ്പെടുകയെന്ന സമ്പ്രദായത്തിന്റെ തുടക്കക്കാരൻ മലിക് മുളഫ്ഫറായിരുന്നുവെന്ന് ചരിത്ര പണ്ഡിതർ അദ്ദേഹത്തെ പ്രകീർത്തിച്ചതു കൊ ണ്ടാണ്. അല്ലാതെ ദീനിന്റെ വൈജ്ഞാനിക രം ഗത്ത് വലി

യൊരു ഇമാമായിരുന്നില്ല അദ്ദേഹം. നീതിമാനായ ഭരണാധിപൻ. ബുദ്ധിമാൻ. വിവരസ്തൻ. സർവ്വോപരി തുല്ല്യതയില്ലാത്ത ധർമ്മിഷ്ഠൻ. അശരണരുടെയും അനാഥകളുടെയും വിഷമിക്കുന്ന സർവ്വരുടെയും ആശാകേന്ദ്രം. രോഗികൾ, അന്ധർ, വിധവകൾ, ശിശുക്കൾ എന്നിവർക്കെല്ലാം പ്രത്യേകം താമസസൗകര്യങ്ങൾ ഉണ്ടാക്കുകയും അവർക്കെല്ലാം ആവശ്യമായ സകല കാര്യങ്ങളും അദ്ദേഹം ചെയ്തുകൊടുക്കുകയും ചെയ്യും. ചികിത്സാലയത്തിൽ ചെന്ന് ഓരോ രോഗിയെയും കണ്ട് വേണ്ടതെല്ലാം നിർവ്വഹിക്കും. അതിഥി മന്ദിരവും ശാഫിഈ-ഹനഫീ ഫുഖഹാഇന്ന് സ്ഥാപനവും നിർമ്മിച്ചുകൊടുത്തു. സൂഫിയാക്കൾക്ക് രണ്ട് സ്ഥാപനങ്ങൾ ഉണ്ടാക്കി. അവിടെ കഴിഞ്ഞുകൂടുന്ന നിരവധിയാളുകൾക്ക് ധാരാളമായി സ്വത്തുക്കൾ വഖ്ഫ് ചെയ്തു. അവരുടെ ഇടയിൽ അദ്ദേഹവും കഴിഞ്ഞുകൂടും. ഹജ്ജ്, മറ്റു യാത്രകൾ എന്നിവക്ക് ആവശ്യമായ മുഴുവൻ ചെലവും അദ്ദേഹം നല്കും. രാജ്യങ്ങളിൽ എവിടെയോ മുസ്‌ലിംകളെ സത്യനിഷേധികൾ തടവിലാക്കിയെങ്കിൽ അവരെയെല്ലാം മോചിപ്പിക്കാൻ പ്രജകളെ വിടും. ഇങ്ങനെ നീണ്ടുപോകുന്നു അദ്ദേഹത്തിന്റെ ജനസേവനം.

ഇതിനെല്ലാം പുറമെ റബീഅ് മാസമായാൽ ചിലവർഷം എട്ടിനും ചിലപ്പോൾ 12 നും ജനലക്ഷങ്ങൾ പങ്കെടുക്കുന്ന മൗലിദ് നടത്തും. വലിയ മൈദായിൽ മുളകൾ കൊണ്ട് തട്ടുകളുള്ള പന്തൽ നിർമ്മിക്കും. ലോകാനുഗ്രഹിയായ ദൂതരുടെ ജന്മദിനാഘോഷത്തിൽ പങ്കെടുക്കുന്നവർ സംഗീതവും നൃത്തവും മറ്റ് സന്തോഷ പ്രകടനങ്ങളുമെല്ലാം നടത്തും. ബഗ്ദാദ്, ഇർബിൽ, മൗസിൽ, ജസീറ, സിൻജാർ, നസ്വീബീൻ തുടങ്ങിയ അനവധി നാട്ടുകാരുണ്ടാകും. അവരിൽ ഫുഖഹാഅ്, ഖുർറാഅ്, സ്വൂഫിയ്യ, ഖാരിഉകൾ, ശാഇറുകൾ എല്ലാവരുമുണ്ടാകും. എല്ലാവർക്കും വിഭവസമൃദ്ധമായ ഭക്ഷണങ്ങളും ഹദ്‌യയും നല്കും. ഇബ്നുൽ ജൗസിയുടെ പൗത്രൻ ശംസുദ്ദീൻ യൂസുഫ്(654) മിർആത്തുസ്സമാനിൽ പറയുന്നു: എന്നോട് മുളഫ്ഫറിന്റെ മൗലിദ് ആഘോഷത്തിൽ പങ്കെടുത്ത ചിലർ പറഞ്ഞതിങ്ങനെയാണ്. ഭക്ഷണം വിളമ്പിയ സുപ്രയിൽ അയ്യായിരം ആട്ടിൻതല, പതിനായിരം കോഴി, നൂർ കുതിര, പലഹാരങ്ങൾക്ക് ഒരു ലക്ഷം ചട്ടിയും, മുപ്പതിനായിരം തളികയും. ഓരോ പാത്രവും പത്തു പേർക്ക് കഴിക്കാൻ പറ്റുന്നതാണ്. പ്രഗല്ഭരായ പണ്ഡിതരും സൂഫിയാക്കളും അവിടെ ഹാജറാകാറുണ്ട്. അവർക്ക് മുന്തിയ ഡ്രസ്സുകളും സുഗന്ധദ്രവ്യങ്ങളും നല്കും.

പ്രസിദ്ധ പണ്ഡിതനും ഹാഫിളുമാണ് ഇബ്നു ദിഹ്‌യ(റ). സ്വഹാബിവര്യരായ ദിഹ്‌യത്തുൽ കൽബ് എന്നവരിലേക്ക് പിതാവ് വഴിയും ഹുസൈൻ(റ)വിലേക്ക് മാതാവ് വഴിയും സന്ധിക്കുന്ന ആൾ. ഖുറാസാനിലേക്കു പോകുന്ന വഴിയെ ഹി: 604ൽ അദ്ദേഹം ഇർബിലിൽ എത്തി. മുളഫ്ഫറിന്റെ കഥ അറിഞ്ഞു. അദ്ദേഹത്തെ അഭിനന്ദിച്ചും പ്രോത്സാഹിപ്പിച്ചും ഒരു കിതാബെഴുതി. 'അത്തൻവീർ ഫീ മൗലിദിസ്സിറാജിൽ മുനീർ' എന്നപേരിൽ. രാജസന്നിധിയിൽ ചെന്ന് അതു വായിച്ചു കേൾപ്പിക്കുകയും അതുരാജാവിനു സമ്മാനിക്കുകയും ചെയ്തു. പ്രത്യുപകാരമായി രാജാസ് 1000 ദീനാർ ഇമാമിനു കൊടുത്തു. ഇമാം സുയൂഥി(റ) ഇപ്രകാരം പറഞ്ഞു: "മുളഫ്ഫർ പണ്ഡിതനും നീതിമാനുമാണ്. അദ്ദേഹമാണ് മൗലിദ് നടപ്പിലാക്കിയത്. അല്ലാഹുവിന്റെ ഇഷ്ടമാണ് അദ്ദേഹം ഉദ്ദേശിച്ചത്. അവിടെ ഉലമാഉം സ്വാലിഹീങ്ങളും ഹാജറാവാറുണ്ട്. അവരാരും ഇതിനെതിരെ ഒരാക്ഷേപവും പറഞ്ഞില്ല. അവരെല്ലാം അദ്ദേഹത്തെ തൃപ്തിപ്പെടുകയും അംഗീകരിക്കുകയും ചെയ്തു. ഇബ്നുദിഹ്‌യ എന്ന ഹാഫിള് അയാളെ അംഗീകരിച്ചുകൊണ്ട് 'തൻവീർ' എന്ന ഗ്രന്ഥം എഴുതിക്കൊടുത്തു. സ്മര്യപുരുഷന്റെ സ്തുതി കീർത്തനങ്ങൾ ദീർഘമായി വിവരിച്ച ശേഷം ഇബ്നു ശുഅ്ബ താരീഖുൽ ഇസ്‌ലാമിൽ പറഞ്ഞതിങ്ങനെ: എന്നോട് ഇർബിൽ നിവാസികൾ പറഞ്ഞത് അദ്ദേഹം വർഷം തോറും നടത്തിവരുന്ന മൗലിദിന്ന് മൂന്നുലക്ഷം ദീനാറും ബന്ധികളുടെ മോചനത്തിന് രണ്ട്ലക്ഷവും വിരുന്നുകാരെ സൽകരിക്കാൻ ഒരുലക്ഷവും 'ഖാൻ ഖാഹ്' നിർമ്മാണത്തിന് ഒരു ലക്ഷവും രണ്ട് ഹറമുകളുടെയും മറ്റ് യാത്രാവഴികൾക്കും അറഫയിലേക്ക് ആവശ്യമുള്ള വെള്ളത്തിനും മറ്റുമായി മുപ്പതിനായിരം ദീനാറും ചെലവഴിക്കാറുണ്ടെന്നാണ്.

ഹി: 549 മുഹർറം 27ന് മൗസിലിലാണ് അദ്ദേഹം ജനിച്ചത്. 630 റമളാൻ 14 ന് വെള്ളിയാഴ്ച ഇർബിലിൽ വഫാത്തായി. മക്കയിൽ മറമാടണമെന്ന വസ്വിയ്യത്ത് ഉണ്ടായിരുന്നെങ്കിലും നിറവേറ്റാൻ കഴിയാത്തതു കൊണ്ട് അവിടെ തന്നെ അടക്കപ്പെട്ടു. ഇബ്നുഖല്ലികാൻ പറഞ്ഞത് മറമാടിയ ശേഷം പിന്നീടൊരിക്കൽ അവിടെ നിന്നും കൊണ്ടുപോകുന്ന വഴിയിൽ ഹാജിമാർ മക്കയിലുള്ള ജലക്ഷാമം കാരണം മടങ്ങിവരുന്നത് കണ്ട് അങ്ങോട്ട് പോകാതെ കൂഫയിലെ അലി(റ)വിന്റെ സമീപത്ത് അടക്കപ്പെട്ടുവെന്നാണ്. അല്ലാഹു അഅ്ലം

☆